പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2502 05/02/2018 -ൽ മറുപടിയ്ക്ക്

## വിനോദ സഞ്ചാരികളെ ആകർഷിക്കുവാൻ അന്താരാഷ്ട്ര പ്രചരണപരിപാടി

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.കെ.എൻ.എ.ഖാദർ: | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി). | |
|---|---|---|---|
| എ) | വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള അന്താരാഷ്ട്ര പ്രചരണ പരിപാടി പ്രകാരം ഏതെല്ലാം രാജ്യങ്ങളിൽ പ്രചരണം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; | എ) | വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള അന്താരാഷ്ട്ര പ്രചരണ പരിപാടികളുടെ ഭാഗമായി മിഡിൽ ഈസ്റ്റ് രാജ്യങ്ങളായ ഒമാൻ, സൗദി അറേബ്യ, കുവൈറ്റ് എന്നിവിടങ്ങളിലും ദുബായിലും പ്രചരണ പരിപാടികൾ മിഡിൽ ഈസ്റ്റ് ക്യാമ്പയിൻ എന്ന പേരിൽ ടൂറിസം വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ ഇന്റർനാഷണൽ മാർക്കറ്റ് ക്യാമ്പയിൻ, ഇന്റർനാഷണൽ ഗ്രാന്റ് ക്യാമ്പയിൻ, പ്രൊമോഷണൽ ക്യാമ്പയിൻ ഇൻ യൂറോപ്പ് (ടെലിവിഷൻ, ഔട്ട് ഓഫ് ഹോം, കേരള ബ്ലോഗ് എക്സ്പ്രസ്സ്, കൺസ്യൂമർ ട്രാവൽ ഇവന്റ്) എന്നിവ വഴി അമേരിക്ക, ആസ്ട്രേലിയ, ന്യൂസിലാൻഡ്, സിംഗപ്പൂർ, മലേഷ്യ, യു.കെ, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളിൽ വിവിധ പ്രചരണപരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിനു പുറമേ മക്കാവു (ചൈന), റഷ്യ, ഇറ്റലി, ജപ്പാൻ, ഫ്രാൻസ്, സിംഗപ്പൂർ, മലേഷ്യ, നെതർലന്റ്സ്, സ്പെയിൻ, യുഎസ്എ, ജർമ്മനി, ആസ്ട്രേലിയ, മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ, ലണ്ടൻ എന്നിവിടങ്ങളിൽ വിവിധങ്ങളായ ട്രേഡ് ഫെയറുകളിൽ പങ്കെടുത്തും പാർട്ട്ണർഷിപ്പ് മീറ്റുകൾ നേരിട്ട് സംഘടിപ്പിച്ചും വകുപ്പ് കേരള ടൂറിസത്തെ അന്താരാഷ്ട്ര തലത്തിൽ പ്രചരിപ്പിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ബി) | ഇത്തരം പ്രചാരണത്തിലൂടെ കേരളത്തിന്റെ പാരമ്പര്യവും പൈതൃകവും മറ്റു രാജ്യങ്ങളിൽ എത്തിക്കുവാൻ സാധ്യമാണെന്ന് കരുതുന്നുണ്ടോ;വ്യക്തമാക്കുമോ? | ബി) | ഇത്തരം പ്രചാരണത്തിലൂടെ കേരളത്തിന്റെ പാരമ്പര്യവും പൈതൃകവും മറ്റു രാജ്യങ്ങളിൽ എത്തിക്കുവാൻ സാധിക്കുന്നുണ്ട്. കേരള ടൂറിസം ട്രേഡ് ഫെയറുകൾ വഴി കേരള ടൂറിസം പാരമ്പര്യവും പൈതൃകവും മറ്റു രാജ്യങ്ങളിലെ സഞ്ചാരികൾക്ക് പകർന്നു നൽകുവാൻ കഴിയുന്നുണ്ട്. ഇതിനു പുറമെ അന്താരാഷ്ട്ര പ്രചരണ പരിപാടികളിൽ നൽകുന്ന പരസ്യങ്ങളിലും മറ്റും കേരളത്തിന്റെ തനത് പൈതൃകം തന്നെയാണ് വകുപ്പ് അവതരിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ